# സ്നേഹത്തോടെ മലർവാടിക്ക്...



**മികച്ച കത്ത്**

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **അബ്ദുൽ ബാസിത്ത് കെ.ടി,** ആണ്. കത്തെഴുതിയ നകൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിന ന്ദനങ്ങൾ.

മലർവാടിയോട് എങ്ങനെ നന്ദി പറയ ണം എന്ന് എനിക്കറിയില്ല. ഞാനിന്ന് മലയാ ളം വായിക്കുന്നതിനും എഴുതുന്നതിനുമെല്ലാം വലിയ പങ്ക് മലർവാടിക്കുണ്ട്. ഏഴു വർഷമായി മലർവാടിയോടുള്ള ചങ്ങാത്തം തുടങ്ങിയിട്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനിടക്ക് എന്റെ ചി ന്തകളും ഭാവനകളുമെല്ലാം ഞാൻ മലർവാടി ക്ക് അയച്ചു തന്നു. അതെല്ലാം മലർവാടിയിൽ വന്നു. പലവട്ടം ഞാൻ മലർവാടിയിലേക്ക് കത്തുകളും എഴുതി.

കഴിഞ്ഞ ഏഴു വർഷത്തെ മലർവാടികൾ ഒരു ലക്കം പോലും കളയാതെ ഞാൻ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. എനിക്ക് എഴുതാനുള്ള പ്രേരണ നൽകിയത് മലർവാടിയാണ്. മറ്റു പുസ്തക ങ്ങൾ വായിക്കാനുള്ള പ്രരണ ലഭിച്ചത് മലർവാ ടി വായനയിലൂടെയാണ്. മലർവാടിയോടുള്ള എന്റെ എല്ലാവിധ സ്നേഹവും അറിയിക്കുന്നു.

**നമിയ ഹക്കീം**, ക്ലാസ് 9
അൽ മദ്റസത്തുൽ ഇസ്‌ലാമിയ, കീരിയാട്

പ്രിയപ്പെട്ട മലർവാടീ...

എനിക്കു നിന്നെ വളരെ ഇഷ്ടമാണ്. ഓരോ പ്രാവശ്യവും നിന്നെ കാത്ത് ഞാനിരിക്കും. നിന്റെ കഥകളിൽ എനിക്കിഷ്ടം പൂച്ചപ്പോലീ സ് ആണ്. എനിക്ക് വലുതാകുമ്പോൾ പോ ലീസ് ആകാനാണ് ഇഷ്ടം.

**അഹിബ്ബ. കെ.എ**, ക്ലാസ് 4
അവർ ലേഡി ഓഫ് മെഴ്‌സി സ്കൂൾ, അരൂർ

സ്നേഹപൂർവ്വം മലർവാടിക്ക്,

മലർവാടിയെ ഞാൻ കാണുന്നത് എന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയെ പോലെ യാണ്. എന്റെ വല്യുപ്പയാണ് എനിക്ക് മലർവാടിയെ പരിചയപ്പെ ടുത്തിത്തന്നത്. വല്യു പ്പക്കും മലർവാടി നല്ല ഇഷ്ടമാണ്. പൂച്ചപ്പോ ലീസ് ആണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രകഥ. അത് വായി ക്കുമ്പോൾ ബാക്കി അറിയാനുള്ള ആകാം ക്ഷയാണ്.

ഫേസ്ബുക്ക് കിട്ടു സൂപ്പർ ആണ്. ചിത്രക ഥകൾ കുറയുന്നതിൽ വിഷമമുണ്ട്. വണ്ടർ ഫുൾ ഇംഗ്ലീഷ് പംക്തി ഉപകാരപ്രദമാണ്. പ്ര ശ്നോത്തരി പൂരിപ്പിച്ച് ഞാൻ അയക്കാറുണ്ട്. മലർവാടിയിൽ നിന്ന് കിട്ടുന്ന സമ്മാനങ്ങൾ വളരെ ഉപകാരപ്രദമാണ്.

**ഹുദ** , ക്ലാസ് 7
എം.കെ.എച്ച്.എം.എം.ഒ.വി.
എച്ച്.എസ്.എസ് ഗേൾസ്, മുക്കം

പ്രിയ മലർവാടീ,

ഞാൻ രണ്ടു വർഷമായി മലർവാടിയുടെ സ്ഥിരം വായനക്കാരനാണ്. വിനോദത്തിനൊ പ്പം വിജ്ഞാനവും തരുന്ന മലർവാടിയുടെ ഓരോ ലക്കവും മികവുറ്റതാകുന്നുണ്ട്. മാ ന്ത്രിക കഥകളും മായാജാലവും ഇല്ലാതെ ത്തന്നെ നമ്മുടെ സമൂഹത്തിൽ നടക്കുന്ന വിഷയങ്ങൾ തന്നെ മലർവാടിയിലെ കഥ കൾക്ക് വിഷയമാകുന്നു.

സമൂഹത്തിന്റെ മൂല്യച്യുതികൾ ഹാസ്യരൂ പത്തിൽ അവതരിപ്പിക്കുന്ന പട്ടാളം പൈലി യാണ് എനിക്കേറ്റവും ഇഷ്ടം. മലർവാടിയിലെ മൽസരങ്ങളും വിജ്ഞാന ലേഖനങ്ങളുമെല്ലാം സ്കൂൾ പഠനത്തിന് സഹായകരമാണ്. ജം ഗിൾ ന്യൂസും ഫേസ്ബുക്ക് കിട്ടുവും ഓരോ ലക്കത്തിലും കൂടുതൽ മികച്ചതും ആക്ഷേപ ഹാസ്യം നിറഞ്ഞതുമാണ്.

**അബ്ദുൽ ബാസിത്ത് കെ.ടി**, ക്ലാസ് 6
എ.എം.യു.പി. സ്കൂൾ, കൂട്ടിൽ



നിങ്ങളുടെ കത്തുകൾ
മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാടുകുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

◆◆ അഞ്ചു ഭാഷകളിൽ വരികളുള്ള ദേശീയഗാനം ഏതു രാജ്യത്തിന്റേത് – ദക്ഷിണാഫ്രിക്ക